**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3446** **02-03-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2020-21, 2021-22 വർഷങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിൽ കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ എത്ര ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്; ആയതിന്റെ വിവരം പഞ്ചായത്ത്, കൃഷിഭവനുകൾ എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (എ) | 2019-20, 2020-21, 2021-22 വർഷങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിൽ കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് എത്ര പേരെയാണ് സൗജന്യ വൈദ്യുതി പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; പഞ്ചായത്ത്, കൃഷി ഭവൻ എന്നിവ തിരിച്ച് വിവരം ലഭ്യമാക്കുമോ; | (ബി) | കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | കാർഷിക ഗുണഭോക്താക്കളെ സൗജന്യ വൈദ്യുതി പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവോ സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പുകൾ സഹിതം വിശദവിവരം ലഭ്യമാക്കുമോ; | (സി) | പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്തതും ദുരുപയോഗം നടത്തുന്നതുമായ ഗുണഭോക്താ ക്കളെ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി ഒഴിവാക്കാറുണ്ട്. പദ്ധതി ആനുകൂല്യം വേണ്ടെന്ന് അറിയിക്കുന്ന കർഷകരെയും പദ്ധതിയിൽ നിന്നും ഒഴിവാക്കാറുണ്ട്. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ച്ചവടെ ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവുകൾ / സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ **അനുബന്ധം 3** ആയി ചേർക്കുന്നു.<br><br>സ.ഉ. (എം.എസ്) നം. 30/99/കൃഷി തീയതി 04.02.1999<br><br>സർക്കുലർ നം. TA(2) 12530/19 തീയതി 11.02.2020<br><br>സർക്കുലർ നം.TA(2) 5257/20 തീയതി 28.02.2020. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ സൗജന്യ വൈദ്യുതി പദ്ധതിയിൽ തുടരുന്നതിനായി കർഷകർക്ക് കൃഷി ഭവനുകളിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങളോ അറിയപ്പോ നൽകിയിട്ടുണ്ടോ; ഗുണഭോക്താക്കൾക്ക് ഇത് സംബന്ധിച്ച് നോട്ടീസ് നൽകുകയോ കൃഷി ഭവൻ ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന | (ഡി) | ഉണ്ട്. പദ്ധതി സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പരിഷ്കാര നടപടികൾ നിർദ്ദേശങ്ങൾ എന്നിവ അതാത് സമയം കർഷകർക്ക് കൃഷി ഭവൻ മുഖേന അറിയിപ്പായി നൽകി വരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ മാധ്യമങ്ങൾ, നോട്ടീസ് ബോർഡുകൾ, ഗ്രാമസഭകൾ എന്നിവയിലൂടെ യെല്ലാം കർഷകർക്ക് അറിയിപ്പ് നൽകി വരുന്നുണ്ട്. കൃഷിഭവൻ |

| | | | |
|---|---|---|---|
| | നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | | തലത്തിൽ രൂപീകരിച്ചിട്ടുള്ള പദ്ധതി ഗുണഭോക്താക്കളുടെ വാട്സാപ്പ് ഗ്രൂപ്പുകൾ, കൃഷി ഭവൻ തലത്തിലുള്ള കാർഷിക വികസന സമിതി യോഗങ്ങൾ, പഞ്ചായത്ത് യോഗങ്ങൾ, പാടശേഖര സമിതികൾ ഉൾപ്പടെയുള്ള കർഷക സമിതി യോഗങ്ങൾ എന്നിവയിലൂടെ അറിയിപ്പുകൾ നൽകുന്നു. പദ്ധതി ദുരുപയോഗം ഒഴിവാക്കുന്നതിന് കലാകാലങ്ങളിൽ കൃഷി ഭവൻ തലത്തിൽ ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്താറുണ്ട്. |
| (ഇ) | വൈദ്യുതി ബില്ല് അടയ്ക്കണമെന്ന കെ.എസ്. ഇ.ബി. യുടെ നോട്ടീസ് ലഭിച്ച പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് കുടിശ്ശിക തുകയും സൗജന്യ വൈദ്യുതിയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും കുടിശികയുള്ള കൺസ്യൂമർ നമ്പർ തിരിച്ചുള്ള വിവരങ്ങൾ ചേർത്തുള്ള Consolidated statement കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് സൗജന്യ വൈദ്യുതി പദ്ധതിയിലെ കുടിശ്ശിക തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| ക്രമ നം. | കൃഷി ഭവൻ | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|
| | | **2019-20** | **2020-21** | **2021-22** |
| 1. | മഞ്ചേശ്വരം | 788 | 788 | 788 |
| 2. | വോർക്കാടി | 1629 | 1647 | 1667 |
| 3. | മീഞ്ച | 1786 | 1831 | 1860 |
| 4. | പൈവളികെ | 1701 | 1740 | 1785 |
| 5. | മംഗൽപാടി | 1325 | 1334 | 1346 |
| 6. | പുത്തിഗെ | 730 | 746 | 436 |
| 7. | എൻമകജെ | 1256 | 1279 | 796 |
| 8. | കുമ്പള | 1058 | 1067 | 1068 |
| | **ആകെ** | **10273** | **10432** | **9746** |

**അനുബന്ധം 2**

| ക്രമ നം. | കൃഷി ഭവൻ | ഒഴിവാക്കിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1. | മഞ്ചേശ്വരം | NIL |
| 2. | വോർക്കാടി | NIL |
| 3. | മീഞ്ച | NIL |
| 4. | പൈവളികെ | 4 |
| 5. | മംഗൽപാടി | NIL |
| 6. | പൂത്തിഗെ | NIL |
| 7. | എൻമകജെ | 531 |
| 8. | കുമ്പള | നിലവിൽ ആരെയും ഒഴിവാക്കിയിട്ടില്ല ഫീൽഡ് പരിശോധന തുടരുന്നു. |

K.A.Q. no:3446

//

റ്റി എ (2) 12530/19

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ.കാര്യാലയം, തിരുവനന്തപുരം.
തീയതി. 11.02.2020

## സർക്കുലർ

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - കാർഷിക സൗജന്യ വൈദ്യുതി പദ്ധതി - ദുരുപയോഗം തടയുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ. ഉ.(എം . എസ്. ) നമ്പർ 311/95 തീയതി 31.08.1995
2. സ. ഉ.(എം . എസ്. ) നമ്പർ 73/97 തീയതി 01.03.1997
3. സ. ഉ.(എം . എസ്. ) നമ്പർ 235/98 തീയതി 31.10.1998
4. സർക്കാർ കത്ത് നമ്പർ 1513 /പി എ 3/2014/കൃഷി തീയതി 07.03.2014
5. സർക്കാർ കത്ത് നമ്പർ 36669 /പി എ 3/2013/കൃഷി തീയതി 11.03.2014
6. സർക്കാർ കത്ത് നമ്പർ 419/ പി എ 3/2014/കൃഷി തീയതി 11.03.2014
7. 26.11.2019 ന് ഗവ. സെക്രട്ടേറിയറ്റിൽ കൃഷി (പി. എ ) വകുപ്പ് അണ്ടർ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയിലെ തീരുമാനം.

സൂചന 1 പ്രകാരം 01.08.1995 മുതൽ നെൽ കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് കർഷകർക്ക് സൗജന്യം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സൂചന 2 ലെ ഉത്തരവ് പ്രകാരം ഈ സൗജന്യം മറ്റ് വിളകൾക്ക് കൂടി നൽകാൻ ഉത്തരവാകുകയും സൂചന 3 പ്രകാരം ഈ സൗജന്യം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01.04.1997 മുതൽ മുൻകാലപ്രാബല്യത്തോടെ നൽകുകയും ചെയ്തിരുന്നു. 25.05.2015 തീയതിയിലെ സർക്കാർ ഉത്തരവ് GO (Rt) No. 945/15/AD പ്രകാരം 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം നൽകി വരുന്നു.

സൂചന 4,5,6 പ്രകാരം കൃഷിക്കാർക്ക് സൗജന്യ വൈദ്യുതി അനുവദിച്ചിട്ടുള്ള പല സ്ഥലങ്ങളിലും ആയത് ദുരുപയോഗം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തലത്തിൽ പദ്ധതി കൈകാര്യം ചെയ്യുന്നത് കൂടുതൽ കാര്യക്ഷമമാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ സംബന്ധിച്ച് ചുവടെ പറയുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

1. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ വിവരങ്ങൾ കൃഷിഭവനുകളിൽ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും കാലാനുസൃതമായി ആവശ്യമായ പുതുക്കലുകൾ നടത്തേണ്ടതുമാണ് .

2. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി കൃഷിഭവനിലെ ഉദ്യോഗസ്ഥർ 28.02.2020 ന് മുൻപായി നിലവിലെ പദ്ധതി അംഗത്വ പട്ടികയിലുള്ള എല്ലാ കൃഷിയിടങ്ങളും സന്ദർശിക്കേണ്ടതും പരിശോധന റിപ്പോർട്ട് മേല്പറഞ്ഞ രജിസ്റ്ററിൽ പരിശോധന നടത്തിയ തീയതി സഹിതം രേഖപ്പെടുത്തേണ്ടതുമാണ്.



Generated from eOffice by ANJU V S, TA(TA) AGRIDIR, TA(TA) AGRIDIR, ADFW on 28/02/2023 10:32 AM

3. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ദുരുപയോഗം ചെയ്യുന്ന ഗുണഭോക്താക്കൾ, നിലവിലുള്ള കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ ഉപയോഗിക്കാത്തവർ, കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ മേല്പറഞ്ഞ കാരണങ്ങളാൽ വിച്ഛേദിക്കപ്പെട്ടവർ എന്നിവരെ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കി പ്രസ്തുത വിവരം 25.03.2020 ന് മുൻപായി വൈദ്യുതി ബോർഡിനെ അറിയിക്കേണ്ടതാണ്.

4. തുടർന്ന്, ആറു മാസത്തിലൊരിക്കൽ കൃഷിഭവൻ ഉദ്യോഗസ്ഥർ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി അംഗങ്ങളുടെ കൃഷിയിടം പരിശോധിക്കുകയും, പരിശോധനയുടെ തീയതിയുൾപ്പെടെയുള്ള വിവരങ്ങൾ പദ്ധതി രജിസ്റ്ററിൽ ചേർത്ത്. അവർ തുടർന്നും പദ്ധതി ആനുകൂല്യത്തിന് അർഹരാണെന്ന് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്/അസി. കൃഷി ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്താത്ത കൃഷിയിടങ്ങളിൽ സൗജന്യ വൈദ്യുതി ദുരുപയോഗം ചെയ്യുന്നതായി ഭാവിയിൽ കണ്ടെത്തിയാൽ അത് മൂലം സർക്കാരിനുണ്ടായേക്കാവുന്ന മുഴുവൻ നഷ്ടവും ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്

5. പരിശോധനയിൽ കാർഷിക വൈദ്യുതി കണക്ഷനുകൾ കൃഷി ആവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ പ്രസ്തുത വിവരം അടിയന്തിരമായി വൈദ്യുതി ബോർഡിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. വർഷങ്ങൾക്ക് മുൻപ് ഈ പദ്ധതിപ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ ലഭിച്ച കർഷകർ തന്റെ ഭൂമി ക്രയവിക്രയം/ ഭാഗം ചെയ്തിട്ടുണ്ടായിരിക്കാൻ സാധ്യതയുള്ളതിനാൽ പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താവ് തന്നെയാണോ ഇപ്പോൾ ഭൂമിയുടെ ഉടമസ്ഥനെന്ന് ഉറപ്പ് വരുത്തുന്നതിന് കൃഷിഭവനിലെയും വൈദ്യുതി ബോർഡിലെയും ഉദ്യോഗസ്ഥർ സംയുക്ത മിന്നൽ പരിശോധന നടത്തേണ്ടതും ക്രമക്കേട് കണ്ടെത്തിയാൽ ഉപഭോക്താവിൽ നിന്നും പിഴ ഉൾപ്പെടെ ദുരുപയോഗത്തിലൂടെയുണ്ടായ അധികതുക നഷ്ടപരിഹാരമായി ഈടാക്കേണ്ടതുമാണ്.

7. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (വാ. മാ.) എന്നിവർ കൃഷിഭവനുകളിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ നിർബന്ധമായും സൗജന്യ വൈദ്യുതി പദ്ധതി രജിസ്റ്റർ പരിശോധിക്കേണ്ടതും ആയത് തീയതി സഹിതം രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ലാത്ത പക്ഷം ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഒപ്പ്
**കൃഷി ഡയറക്ടർ**

പകർപ്പ് : എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർ
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ
എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാ.മാ.)
എല്ലാ കൃഷി അസി. ഡയറക്ടർമാർ
എല്ലാ കൃഷി ഓഫീസർമാർ
കൃഷി ഡയറക്ടറുടെ സി എ
ഐ റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

...Agriculture (WM)
...of Agriculture
...Bhavan, Thiruvananthapuram-23



Generated from eOffice by ANJU V S, TA(TA) AGRIDIR, TA(TA) AGRIDIR, ADFW on 28/02/2023 10:32 AM

97

## കേരള സർക്കാർ

### സംഗ്രഹം

കൃഷി വകുപ്പ് - കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് സൗജന്യം നൽകുന്ന പദ്ധതി നടപടി ക്രമം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (പ്ളാനിംഗ് -എ) വകുപ്പ്

സ.ഉ.(എം.എസ്.) 30/99/കൃഷി — തിരുവനന്തപുരം, തീയതി:4.2.1999

---

പരാമർശം:- (1) കൃഷി വകുപ്പിൻെറ 31.8.1995- ലെ ജി.ഒ. (എം.എസ്) 311/95/ കൃഷി നമ്പർ ഉത്തരവ്.
(2) കൃഷി വകുപ്പിൻെറ 1.3.1997- ലെ ജി.ഒ. (എം.എസ്) 73/97/ കൃഷി നമ്പർ ഉത്തരവ്.
(3) കൃഷി വകുപ്പിൻെറ 31.10.1998- ലെ ജി.ഒ. (എം.എസ്) 235/95/ കൃഷി നമ്പർ ഉത്തരവ്.
(4) ഊർജ്ജ വകുപ്പിൻെറ 25.8.1997- ലെ 3/97/പി.ഡി. നമ്പർ ഉത്തരവ്.
(5) 13.11.98ൽ വൈദ്യുതി സൗജന്യ പദ്ധതി സംബന്ധിച്ച പുതിയ സംവിധാനത്തെപ്പററി നടന്ന ചർച്ചയുടെ നടപടിക്കുറിപ്പ്.

### ഉത്തരവ്

സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സർക്കാർ നടപ്പിലാക്കിയ വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം പരാമർശം 1-ലെ ഉത്തരവനുസരിച്ച് 1.8.95 മുതൽ നെൽകൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം അനുവദിച്ച പരാമർശം രണ്ടു പ്രകാരമുള്ള ഉത്തരവനുസരിച്ച് വൈദ്യുതി സൗജന്യം 1.3.97 മുതൽ ഒരു ഹെക്ടർ വരെയുള്ള ഇതര വിളകൾക്കും ബാധകമാക്കി. പരാമർശം മൂന്നു പ്രകാരം രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 1.4.97 മുതൽ മുൻകാല പ്രാബല്യത്തോടെ ഈ ആനുകൂല്യം ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

ഈ പദ്ധതിപ്രകാരം കർഷകർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് കൃഷി വകുപ്പ് നേരിട്ട് വൈദ്യുതി ബോർഡിനു നൽകി വരികയായിരുന്നു. എന്നാൽ 25.8.97 ലെ നാലാം പരാമർശം ഉത്തരവു പ്രകാരം 1.4.98 മുതൽ നിലവിലുണ്ടായിരുന്ന സമ്പ്രദായത്തിൽ മാററം വരുത്തിയിരുന്നു. ഇതനുസരിച്ച് കാർഷികാവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് കർഷകൻ നേരിട്ട് വൈദ്യുതി ബോർഡിന് നൽകുകയും പ്രസ്തുത തുക കൃഷി വകുപ്പ് കർഷകർക്ക് തിരികെ നൽകുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ സമ്പ്രദായം കർഷകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്ന് പരക്കെ പരാതികളും അഭിപ്രായങ്ങളും ഉണ്ടായ സാഹചര്യത്തിൽ നടപടി ക്രമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം ലഘൂകരിക്കുന്നതിനായി കൃഷി വകുപ്പു സെക്രട്ടറി വൈദ്യുതി ബോർഡിലേയും കൃഷി വകുപപപ്പിലേയും ഉദ്യാഗസ്ഥരുമായി ചർച്ച ചെയ്തു. ഇതനുസരിച്ച് കൃഷി വകുപ്പ് നിർദ്ദേശിച്ച സർക്കാർ ശുപാർശ ചെയ്ത നടപടി ക്രമങ്ങൾ വൈദ്യുത ബോർഡ് ചില ഭേദഗതികളോടെ അംഗീകരിച്ചു. ഇതിൻെറയെല്ലാം അടിസ്ഥാനത്തിൽ വൈദ്യുതി സൗജന്യ പദ്ധതിക്ക്4.98മുതൽ താഴെ പറയുന്ന വിധത്തിൽ പുതിയ നടപടി ക്രമങ്ങൾ സ്വീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

1. 1.8.95 മുതൽ നെൽക്കൃഷിക്ക് പൂർണ്ണമായും (കൃഷി ഭൂമിയുടെ നിശ്ചിത പരിധിയില്ലാതെ) 1.4.97 മുതൽ മററു കൃഷികൾക്ക് രണ്ട് ഹെക്ടർ വരേയും സൗജന്യമായി വൈദ്യുതി നൽകുന്നതാണ്. എനനന്നാൽ കണക്ഷൻ ലഭിക്കുന്നതിനുള്ള ഏതെങ്കിലും ചാർജോ, ഫീസോ ഉണ്ടെങ്കിൽ അതും സെക്യൂരിററി ഡെപ്പോസിററും കർഷകർ വൈദ്യുത ബോർഡിൽ അടക്കേണ്ടതാണ്.
2. 10 കിലോ വാട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളിൽ നിന്നും കാർഡനുസരിച്ചും സെൽഫ് മീററർ റീഡിംഗ് അനുസരിച്ചും സ്പോട്ട് ബിൽ അനുസരിച്ചുമാണ് വൈദ്യുത ചാർജ് ഈടാക്കുന്നത്. അതുകൊണ്ട് മറുമാസത്തെ ശരാശരി ഉപഭോഗം കണക്കാക്കി അതിനുള്ള പ്രതിമാസ തുകയാണ് സ്റേററുമെൻറിൽ രേഖപ്പെടുത്തേണ്ടതാണ്. 10 കിലോ വാട്സിന് മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്കു ത്രിമാസ ബിൽ അനുസരിച്ച് വൈദ്യുത ചാർജ് അടക്കുന്നവർക്കും മറുമാസത്തെ ശരാശരി ഉപഭോഗം കണക്കിലെടുത്ത് സ്റേററുമെൻറിൽ തുക രേഖപ്പെടുത്തേണ്ടതാണ്. മാർച്ച് 31 വച്ച് കണക്കുകൾ തിട്ടപ്പെടുത്തി കൂടുതൽ ലഭിക്കേണ്ട തുകയും സ്റേററുമെൻറ് തയ്യാറാക്കി മൊത്തം തുകയും ഇൻവോയിസും തയ്യാറാക്കി വൈദ്യുത ബോർഡ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട കൃഷി ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. ഇത് ലഭിച്ച് 10 ദിവസത്തിനകം കൃഷി ഓഫീസർ ബന്ധപ്പെട്ട വൈദ്യുത ബോർഡ് ഓഫീസിൽ ബിൽ അനുസരിച്ചുള്ള തുക അടച്ച് വാർഷിക കണക്ക് തീർക്കേണ്ടതാണ്. കൃഷി ഭവൻ വൈദ്യുത ബോർഡിന് കൂടുതൽ തുക അടച്ചിട്ടുണ്ടെങ്കിൽ അത് പിന്നീടുള്ള മാസങ്ങളിൽ അടക്കുന്ന വൈദ്യുതി ചാർജിൽ നിന്നും കുറവു വരുത്തുന്നതായിരിക്കും.
3. കണക്ഷൻ നൽകുന്നതിനുള്ള എസ്ററിമേററ് തുക 20,000/- രൂപയിൽ കവിയുന്നെങ്കിൽ പ്രസ്തുത കർഷകരെ മിനിമം ഗ്യാരൻറി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള സമ്പ്രദായം തുടരുന്നതാണ്.



Generated from eOffice by ANJU V S, TA(TA) AGRIDIR, TA(TA) AGRIDIR, ADFW on 28/02/2023 10:32 AM

എന്നാൽ എസ്റ്റിമേറ്റ് തുക 20,000/- രൂപയിൽ കവിയുന്നെങ്കിൽ ഇപ്രകാരം കൂടിവരുന്ന തുകയ്ക്ക് കർഷകർ മിനിമം ഗ്യാരൻറി എഗ്രിമെൻറ് അനുസരിച്ചുള്ള മിനിമം തുക അടക്കേണ്ടതുമാണ്.

4. സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ പേരും വിശദമായ മേൽവിലാസവും അടങ്ങുന്ന സ്റ്റേറ്റ്മെൻറ് (2 പകർപ്പ്) വൈദ്യുത ബോർഡിൻെറ സെക്ഷൻ/മേജർ സെക്ഷൻ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കല് ബന്ധപ്പെട്ട അസിസ്റ്റൻറ് എക്സി: എഞ്ചിനീയറേയോ ഏൽപ്പിക്കേണ്ടതാണ്. വൈദ്യുത ബോർഡിലെ ബന്ധപ്പെട്ട ഈ ഉദ്യോഗസ്ഥൻ ഓരോ കർഷകനും അടക്കേണ്ട വൈദ്യുതി ചാർജ് സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്തി മൊത്തം തുകക്കുള്ള ഒരു ഇൻവോായിസും (രണ്ടു പകർപ്പ്) സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെൻറിൻെറ ഒരു പകർപ്പും കൂടി കൃഷി ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റുമെൻറും ഇൻവോയിസും ലഭിച്ചു 10 ദിവസത്തിനകം തുക മാറി കൃഷി ഓഫീസർ അസി. എഞ്ചിനീയറെ അല്ലെങ്കിൽ അസി.എക്സി. എഞ്ചിനീയറെ ഏൽപ്പിക്കണം. ഇപ്രകാരം പത്തു ദിവസത്തിനകം തുക മാറി വിദ്യു: ബോർഡിലെ അസി. എഞ്ചിനീയറെഅല്ലെങ്കിൽ അസി.എക്സി. എഞ്ചിനീയറെ ഏൽപ്പിച്ചില്ലെങ്കിൽ വിദ്യുച്ഛക്തി കണക്ഷൻ വിച്ഛേദിക്കുന്നതിന് വിദ്യു: ബോർഡിന് അധികാര മുണ്ടായിരിക്കും.

5. കൃഷി ഭവനിൽ നിന്നും ലഭിക്കുന്ന തുക ബോർഡ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട രജിസ്ററിൽ ഉപഭോക്താക്കളുടെ പേരിൻെറ നേരെ രേഖപ്പെടുത്തി അതിനുശേഷം അതിനൊരു സർട്ടിഫിക്കറ്റ് കൃഷി ഓഫീസർക്ക് 10 ദിവസത്തിലകം നല്‍കും.

6. 1.4.98 മുതൽ കൃഷി ഭവൻ വഴി വൈദ്യുതി ചാർജ് അടക്കേണ്ട കർഷകർക്ക് ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ വൈദ്യുതി ചാർജ് അടക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന് പിഴ ഈടാക്കുന്നതല്ല.

7. രണ്ട് ഹെക്ടർ വരെയുള്ള കാർഷിക ഇതര വിളകൾക്ക് 1.4.97 മുതൽ മുൻകാല പ്രാബല്യത്തോടെ വൈദ്യുതി സൗജന്യം അനുവദിച്ച സാഹചര്യത്തിൽ ഇതിനകം കർഷകർ അടച്ച തുക കൃഷി ഭവനുകളിൽ നിന്നും തിരിച്ചു നൽകും. ഇതനുസരിച്ച് തുക കണക്കാക്കി വൈദ്യുതി ബോർഡ് സർക്കാരിനെ അറിയിക്കും.

8. ഈ നടപടി ക്രമങ്ങൾ ഉടൻ തന്നെ പ്രാബല്യത്തിൽ വരും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സാജൻ പീറ്റർ
ഗവൺമെൻറ് സെക്രട്ടറി.

കൃഷി ഡയരക്ടറ്രം
ചീഫ് എൻജനീയർ(കമേർഷ്യൽ) കെ.എസ്.ഇ.ബി. (ആമുഖ കത്തു സഹിതം)
(ഈ ഉത്തരവിനു ഊർജ്ജ വകുപ്പിൻെറ അംഗീകാരമുണ്ട്)
ഡെപ്യൂട്ടി ചീഫ് എൻജനീയർ (കമേർഷ്യൽ & 2പ്ലാനിംഗ്)
അക്കൗണ്ട് ജനറൽ (അ+എ+ആ) തിരുവനന്തപുരം.
ധനകാര്യവകുപ്പ്, ഊർജ്ജ വകുപ്പ്

**<u>പകർപ്പ്:</u>**

1. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ സി.എ.ക്ക്.
5. കൃഷി വകുപ്പ് സെക്രട്ടറിയുടെ സി.എ.ക്ക്
6.
7. ഡപയൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്.
8. ടെക്നിക്കൽ അസിസ്റ്റൻറ്, കൃഷി വകുപ്പ്.
9. സ്റ്റോക്ക് ഫയൽ
10. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ



Generated from eOffice by ANJU V S, TA(TA) AGRIDIR, TA(TA) AGRIDIR, ADFW on 28/02/2023 10:32 AM

 റ്റി എ (2) 5257/20

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
തീയതി. 28.02.2020

## സർക്കുലർ

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - കാർഷിക സൗജന്യ വൈദ്യുതി പദ്ധതി - മാനദണ്ഡങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സ. ഉ.(എം . എസ്. ) നമ്പർ 311/95/എ.ഡി. തീയതി 31.08.1995
2. സ. ഉ.(എം . എസ്. ) നമ്പർ 73/97/എ.ഡി . തീയതി 01.03.1997
3. സ. ഉ.(എം . എസ്. ) നമ്പർ 235/98/എ.ഡി. തീയതി 31.10.1998
4. സ. ഉ. (ആർ. റ്റി .) നമ്പർ 945/15/എ.ഡി. തീയതി 25.05.2015
5. സ. ഉ. (ആർ. റ്റി .) നമ്പർ 30/99/കൃഷി തീയതി 04.02.1999

സൂചന 1 പ്രകാരം 1995-96 സാമ്പത്തിക വർഷം മുതൽ നെൽകൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് കർഷകർക്ക് സൗജന്യം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സൂചന 2 ലെ ഉത്തരവ് പ്രകാരം ഈ സൗജന്യം മറ്റ് വിളകൾക്ക് കൂടി നൽകാൻ ഉത്തരവാകുകയും സൂചന 3 പ്രകാരം ഈ സൗജന്യം 2ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01 .04 .1997മുതൽ മുൻകാലപ്രാബല്യത്തോടെ നൽകുകയും ചെയ്തിരുന്നു. സൂചന 4- ലെ ഉത്തരവ് പ്രകാരം 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം ഉണ്ട്.

പദ്ധതി പ്രകാരം താഴെ പറയുന്ന കർഷകർ ആനുകൂല്യത്തിന് അർഹരാണ്.

a. 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75% - ൽ കുറയാതെ കൃഷിചെയ്തിട്ടുള്ളതുമായ വ്യക്തികൾ.
b. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ
c. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ

നെൽകൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധിയില്ലാതെയാണ് ആനുകൂല്യം നൽകി വരുന്നത്.

സൂചന 5 ലെ ഉത്തരവ് പ്രകാരം സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ പേര് വിവരം അടങ്ങിയ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അതാത് വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ മൂന്നു മാസത്തിലൊരിക്കൽ കൃഷി ഓഫീസർ തയ്യാറാക്കി നൽകുകയും വൈദ്യുതി സെക്ഷൻ ഓഫീസിൽ നിന്നും ഓരോ കർഷകർക്കും വേണ്ടി വരുന്ന തുക രേഖപ്പെടുത്തി ഒരു സ്റ്റേറ്റ്മെന്റും മൊത്തം തുകയ്ക്കുള്ള 2 ഇൻവോയ്സും കൃഷിഭവനിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യണം. 10 ദിവസത്തിനകം കൃഷി ഭവനിൽ നിന്നും തുക വൈദ്യുതി സെക്ഷൻ ഓഫീസിൽ നൽകണമെന്നും ഏതെങ്കിലും സാങ്കേതിക കാരണത്താൽ തുക അടയ്ക്കുന്നതിൽ കാലതാമസം വരികയാണെങ്കിൽ പിഴ ഈടാക്കുന്നതല്ല എന്നും സൂചന 5 ലെ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.



Generated from eOffice by ANJU V S, TA(TA) AGRIDIR, TA(TA) AGRIDIR, ADFW on 28/02/2023 10:32 AM

വൈദ്യുതി സൗജന്യത്തിനുള്ള അപേക്ഷ കൃഷിഭവനിൽ സ്വീകരിക്കുന്നതിനു കാലാവധി ഇല്ല.

കൃഷിക്കുള്ള വൈദ്യുതി സൗജന്യം ദുരുപയോഗപ്പെടുത്തുന്നത് പരിശോധിച്ച് കൃഷിഭവനും കെ എസ് ഇ ബിയും നടപടി എടുക്കുന്നുണ്ട്. ഈ അവസരത്തിൽ മേൽപ്പറഞ്ഞ സ്ഥല പരിധിക്കു പുറമെ ചുവടെ പറയുന്ന ദുർവിനിയോഗം കൂടി പരിഗണിക്കേണ്ടതാണ്. കർഷകൻ വീട്ടിലേക്കുള്ള ഓവർ ഹെഡ് ടാങ്കിലും കൂടി ഒരേ പമ്പുപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നത്, സ്ഥാപനങ്ങൾക്ക് വൈദ്യുതി സൗജന്യം നൽകുന്നത്, ഒരു സർവ്വേയും ജലസ്രോതസ്സും കാണിച്ച് ലഭിക്കുന്ന സൗജന്യ വൈദ്യുതി ഉപയോഗപ്പെടുത്തി മറ്റ് പുരയിടങ്ങളിലെ കൃഷിക്ക് ജലസേചനം നടത്തുന്നത്, ഭൂവിസ്തൃതി വ്യവസ്ഥയനുസരിച്ച് ഉണ്ടെങ്കിലും കൃഷി ഇല്ലാത്തത്, കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് എന്നിവയെല്ലാം സൗജന്യ വൈദ്യുതിയുടെ ദുരുപയോഗമായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.

എന്നാൽ, പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖലയിൽ ഒരേ സർവ്വേ നമ്പറിൽ ഒന്നിൽ കൂടുതൽ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നതു പോലുള്ള പ്രശ്നങ്ങൾ മാനുഷിക പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ജില്ലാ തല ഉദ്യോഗസ്ഥരുടെ ശുപാർശയോടെ അതാത് സ്ഥലത്ത് പരിഹരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

മാത്രമല്ല, പമ്പുസെറ്റിന്റെ കപ്പാസിറ്റി വൈദ്യുതി സൗജന്യം അനുവദിക്കുന്നതിനു മാനദണ്ഡമല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്കു വേണ്ടി**

To

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

Leena Edwin

*Joint Director of ... (WM)*
*Directorate of ...*
*Vikas Bhavan, Thiruvananthapuram-33*



Generated from eOffice by ANJU V S, TA(TA) AGRIDIR, TA(TA) AGRIDIR, ADFW on 28/02/2023 10:32 AM